ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 29.08.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. ലോകസമാധാനത്തിനും സുസ്ഥിരതയ്ക്കും ഒട്ടേറെ സംഭാവനകൾ നൽകാൻ ഇന്ത്യ-ജപ്പാൻ പങ്കാളിത്തത്തിന് കഴിയുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ടോക്കിയോയിൽ പതിനഞ്ചാമത് ഇന്ത്യ-ജപ്പാൻ വാർഷിക ഉച്ചകോടിയെ പ്രധാനമന്ത്രി അഭിസംബോധന ചെയ്തു.

   **India-Japan Partnership Key to Global Peace and Sustainability, Says PM Modi at 15th Annual Summit in Tokyo.**

2. 2025-26 സാമ്പത്തിക വർഷത്തിൽ ഏപ്രിൽ മുതൽ ജൂൺ വരെയുള്ള പാദത്തിൽ ഇന്ത്യയുടെ മൊത്ത ആഭ്യന്തര ഉത്പാദനം 7.8 ശതമാനം വളർച്ച കൈവരിച്ചതായി റിപ്പോർട്ട്.

   **India's GDP grows by 7.8 Percentage in April–June quarter of FY 2025–26.**

3. തൃശൂർ എടക്കഴിയൂരിൽ സംയോജിത തീരദേശ മത്സ്യ ഗ്രാമത്തിൻറെ നിർമാണോദ്ഘാടനം കേന്ദ്രസഹമന്ത്രി ജോർജ് കുര്യൻ നിർവഹിച്ചു.

   **MoS George Kurian inaugurates construction of Integrated Coastal Fishing Village at Edakkazhiyur, Thrissur.**

4. കേരളത്തിൽ, അമീബിക്ക് മസ്തിഷ്ക ജ്വരത്തിനെതിരെ ജനകീയ ക്യാമ്പയിനുമായി ആരോഗ്യവകുപ്പ്; നാളെയും മറ്റന്നാളും വീടുകളിലേയും സ്ഥാപനങ്ങളിലേയും ജല സ്രോതസുകൾ വൃത്തിയാക്കാൻ നിർദേശം.

   **Kerala Launches Public Campaign Against Amoebic Meningoencephalitis; Water Source Cleaning Advised.**

**5. രാജ്യത്ത് വിവിധയിടങ്ങളിൽ അതിശക്തമായ മഴ തുടരുന്നു; കേരളത്തിലും മഴ മുന്നറിയിപ്പ്; കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.**

**Heavy Rains Continue Across India; Rain Alert Issued in Kerala; Fishing Banned Along Kerala-Karnataka-Lakshadweep Coasts.**

&&&&&&&&&&&&&&&&&&

## INDIA JAPAN SUMMIT (INTRO)

ലോകസമാധാനത്തിനും സുസ്ഥിരതയ്ക്കും ഒട്ടേറെ സംഭാവനകൾ നൽകാൻ ഇന്ത്യ-ജപ്പാൻ പങ്കാളിത്തത്തിനു കഴിയുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ടോക്കിയോയിൽ പതിനഞ്ചാമത് ഇന്ത്യ-ജപ്പാൻ വാർഷിക ഉച്ചകോടിയിൽ ജപ്പാൻ പ്രധാനമന്ത്രി ഷിഗെരു ഇഷിബയ്ക്കൊപ്പം ശ്രീ മോദി പങ്കെടുത്തു. നിക്ഷേപം, സാമ്പത്തിക സുരക്ഷ, പരിസ്ഥിതി, സാങ്കേതികവിദ്യ, ആരോഗ്യം തുടങ്ങിയ മേഖലയിലെ സഹകരണത്തിനായി പ്രത്യേക രൂപരേഖ തയ്യാറാക്കിയതായി അദ്ദേഹം പറഞ്ഞു. ചന്ദ്രയാൻ ദൗത്യത്തിലെ സഹകരണത്തിന്, ISRO യും ജപ്പാന്റെ ബഹിരാകാശ ഗവേഷണ സ്ഥാപനമായ ജാക്സയും തമ്മിൽ കരാറിൽ ഏർപ്പെട്ടതായും പ്രധാനമന്ത്രി അറിയിച്ചു.

( വോയിസ്.... )

നൂതനാശയങ്ങളിലൂടെ ലോകത്തിനെ ആകെ മാറ്റി മറിക്കുന്നതാണ് ഇന്ത്യയുടെ പ്രവർത്തനങ്ങളെന്ന് ജാപ്പനീസ് പ്രധാനമന്ത്രി പറഞ്ഞു. വിശാലമായ ഇന്ത്യൻ വിപണിയുടെ സാദ്ധ്യതകൾ വളരെ വലുതാണെന്നും ജാപ്പനീസ് പ്രധാനമന്ത്രി വ്യക്തമാക്കി. ജപ്പാൻ പാർലമെൻറ് അംഗങ്ങളുമായും ശ്രീ മോദി കൂടിക്കാഴ്ച നടത്തി. മറ്റന്നാൾ ചൈനയിലെത്തുന്ന പ്രധാനമന്ത്രി ഷാങ്ഹായ് സഹകരണ സംഘടനയുടെ 25-മത് നേതൃതല ഉച്ചകോടിയിൽ പങ്കെടുക്കും.

&&&&&&&&&&&&&&&&&&

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത്ത് ഈ മാസം 31 ന് രാവിലെ 11 മണിക്ക്. മൻ കി ബാത്തിൻ്റെ 125-ാം പതിപ്പാണിത്.

&&&&&&&&&&&&&&&&&&

## PREZ – SPORTSMAN

ദേശീയ കായിക ദിനത്തോടനുബന്ധിച്ച് രാഷ്ട്രപതി ഭവനിലെ അമൃത് ഉദ്യാനിൽ കായികതാരങ്ങളുമായി സംവദിച്ച് രാഷ്ട്രപതി ദ്രൗപദി മുർമു. അത്ലറ്റുകൾക്കും കായികതാരങ്ങൾക്കും അമൃത് ഉദ്യാനിൽ ഇന്ന് പ്രവേശനം നൽകിയിരുന്നു. പൊതുജനങ്ങൾക്ക് അടുത്ത മാസം 14 വരെ സൗജന്യമായി ഉദ്യാനം സന്ദർശിക്കാം. എല്ലാ തിങ്കളാഴ്ചകളിലും ഉദ്യാനം അടച്ചിടും.

&&&&&&&&&&&&&&&&&&

## INDIA – GDP

2025-26 സാമ്പത്തിക വർഷത്തിലെ ഏപ്രിൽ മുതൽ ജൂൺ വരെയുള്ള പാദത്തിൽ ഇന്ത്യയുടെ യഥാർത്ഥ മൊത്ത ആഭ്യന്തര ഉത്പാദനം 7.8 ശതമാനം വളർച്ച കൈവരിച്ചതായി റിപ്പോർട്ട്. സ്റ്റാറ്റിസ്റ്റിക്സ് പദ്ധതി നിർവഹണ മന്ത്രാലയത്തിൻ്റെ റിപ്പോർട്ട് അനുസരിച്ച് കഴിഞ്ഞ സാമ്പത്തിക വർഷത്തിൻ്റെ നാലാം പാദത്തിൽ ജിഡിപി 7.4 ശതമാനം വളർച്ച കൈവരിച്ചിരുന്നു. അതേസമയം കഴിഞ്ഞ സാമ്പത്തിക വർഷം, ആദ്യ പാദത്തിൽ ഇത് 6.5 ശതമാനമായിരുന്നു. കാർഷിക, അനുബന്ധ മേഖലകളിൽ യഥാർത്ഥ മൊത്ത മൂല്യവർദ്ധിത വളർച്ചാ നിരക്ക് 3.7 ശതമാനം രേഖപ്പെടുത്തിയിട്ടുണ്ട്.

&&&&&&&&&&&&&&&&&&

## GOYAL – INDIA – AFRICA

2030 ഓടെ ഇന്ത്യ-ആഫ്രിക്ക ഉഭയകക്ഷി വ്യാപാരം ഇരട്ടിയാക്കുന്നതിനായി പ്രവർത്തിക്കുന്നതായി കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രി പീയൂഷ് ഗോയൽ. ന്യൂഡൽഹിയിൽ 20-ാമത് സിഐഐ ഇന്ത്യ - ആഫ്രിക്ക ബിസിനസ് കോൺക്ലേവിൻ്റെ സമാപന സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു

കേന്ദ്രമന്ത്രി. ഇന്ത്യ- ആഫ്രിക്ക വ്യാപാരം സന്തുലിതമാണെന്നും ശ്രീ ഗോയൽ അഭിപ്രായപ്പെട്ടു.

&&&&&&&&&&&&&&&&&&&

## AMEBIC MENINGOENCEPHALITIS

കേരളത്തിൽ, അമീബിക്ക് മസ്തിഷ്ക ജ്വരം പ്രതിരോധിക്കുന്നതിന്റെ ഭാഗമായി ജല സ്രോതസുകൾ വൃത്തിയാക്കാൻ ആരോഗ്യ വകുപ്പ് ജനകീയ ക്യാമ്പയിൻ ആരംഭിക്കുന്നു. ഇതിന്റെ ഭാഗമായി നാളെയും മറ്റന്നാളും വീടുകളിലേയും സ്ഥാപനങ്ങളിലേയും കിണറുകൾ ക്ലോറിനേറ്റ് ചെയ്യുകയും ജലസംഭരണ ടാങ്കുകൾ വൃത്തിയാക്കുകയും ചെയ്യണം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ഹരിതകേരളം മിഷൻ, ജലവിഭവ വകുപ്പ് എന്നിവയുടെ നേതൃത്വത്തിലാണ് ജനകീയ ക്യാമ്പയിൻ നടക്കുന്നത്.

&&&&&&&&&&&&&&&&&&&

## VEENA GEORGE – AYURVEDA

തലമുറകൾക്ക് നൽകുന്ന സംഭാവനയാണ് അന്താരാഷ്ട്ര ആയുർവേദ ഗവേഷണ കേന്ദ്രമെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ്. കണ്ണൂരിൽ അന്താരാഷ്ട്ര ആയുർവേദ ഗവേഷണ കേന്ദ്രത്തിൻറെ ആദ്യഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പുരോഗമിക്കുകയാണെന്ന് മന്ത്രി പറഞ്ഞു. വിദേശ സർവ്വകലാശാലകൾ ഉൾപ്പെടെ ഗവേഷണത്തിനായി മുന്നോട്ട് വന്നിട്ടുണ്ടെന്നും ശ്രീമതി വീണാ ജോർജ് അറിയിച്ചു. പ്രഥമ കേരള ആയുഷ് കായകല്പ് അവാർഡ് വിതരണം തിരുവനന്തപുരത്ത് നിർവഹിക്കുകയായിരുന്നു മന്ത്രി.

&&&&&&&&&&&&&&&&&&&

## GEORGE KURIAN

രാജ്യം വികസിതമാകണമെങ്കിൽ ഓരോ കുടുംബവും വികസിക്കണമെന്നും വ്യക്തിഗത വരുമാനം വർദ്ധിപ്പിക്കാൻ കഠിനമായി പരിശ്രമിക്കണമെന്നും കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ. പ്രധാൻ മന്ത്രി മത്സ്യ സമ്പദ യോജനയുടെ ഭാഗമായി തൃശൂർ എടക്കഴിയൂരിൽ നിർമിക്കുന്ന സംയോജിത ആധുനിക

തീരദേശ മത്സ്യ ഗ്രാമത്തിൻറെ നിർമ്മാണോദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം.

&&&&&&&&&&&&&&&&&&

## NEHRU TROPHY

71-ാമത് നെഹ്റു ട്രോഫി ജലോത്സവം നാളെ ആലപ്പുഴ പുന്നമടകായലിൽ. ജലോത്സവത്തിനുള്ള ഒരുക്കങ്ങൾ പൂർത്തിയായി. നെഹ്റുട്രോഫി ഫിനിഷിംഗ് പോയിൻ്റിൽ കാണികൾക്കായി അടുത്തവർഷം സ്ഥിരം പവലിയൻ നിർമ്മിക്കുമെന്ന് മന്ത്രി എം ബി രാജേഷ് അറിയിച്ചു. നെഹ്റുട്രോഫി ഫൂട്ട് ഓവർ ബ്രിഡ്ജ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

&&&&&&&&&&&&&&&&&&

## DAY. IMD WEATHER

ഗുജറാത്ത്, കിഴക്കൻ രാജസ്ഥാൻ, തീരദേശ കർണാടക, മാഹി, കൊങ്കൺ, ഗോവ എന്നിവിടങ്ങളിൽ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. പശ്ചിമബംഗാളിലെ ഹിമാലയൻ മേഖല, വടക്കു കിഴക്കൻ സംസ്ഥാനങ്ങൾ എന്നിവിടങ്ങളിലും അതിശക്തമായ മഴയ്ക്ക് സാധ്യതയുണ്ട്. കേരളത്തിൽ കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രതയും തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോഴിക്കോട്, വയനാട് ജില്ലകളിൽ മഞ്ഞ ജാഗ്രതയും നൽകിയിരുന്നു. കേരള - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും കർണാടക തീരത്ത് ഞായറാഴ്ച വരെയും മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

&&&&&&&&&&&&&&&&&&

## UTTARAKHAND – RAIN

ഉത്തരാഖണ്ഡിൽ അതിശക്തമായ മഴ ജനജീവിതത്തെ സാരമായി ബാധിച്ചു. ചമോലി ജില്ലയിൽ മണ്ണിടിച്ചിലിൽ രണ്ട് പേർക്ക് പരിക്കേറ്റു. പ്രദേശത്ത് രക്ഷാ ദുരിതാശ്വാസ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. സ്ഥിതിഗതികൾ സസൂക്ഷ്മം നിരീക്ഷിച്ച് വരുന്നതായി മുഖ്യമന്ത്രി പുഷ്കർ സിങ് ധാമി അറിയിച്ചു.

&&&&&&&&&&&&&&&&&&

## HP - WEATHER

ഹിമാചൽ പ്രദേശിലും ശക്തമായ മഴയും മണ്ണിടിച്ചിലും. രണ്ട് ദേശീയ പാതകളിലും 633 റോഡുകളിലും ഗതാഗതം തടസപ്പെട്ടു. ശക്തമായ മഴ വൈദ്യുതി- കുടിവെള്ള വിതരണത്തേയും ബാധിച്ചിട്ടുണ്ട്. ഹിമാചലിൽ വിവിധ ജില്ലകളിൽ ഒറ്റപ്പെട്ട ശക്തമായ മഴ തുടരുമെന്നാണ് മുന്നറിയിപ്പ്.

&&&&&&&&&&&&&&&&&&&

## PUNJAB FLOODS

പഞ്ചാബിൽ അമൃത്സറിലും ഫെറോസ്പൂരിലും വെള്ളപ്പൊക്കക്കെടുതി തുടരുന്നു. ഘഗർ നദിയിലെ ജലനിരപ്പ് അപകടനില പിന്നിട്ടതിനാൽ രാജ്പുര സബ് ഡിവിഷനും ഡെറാബസ്സി സബ് ഡിവിഷനും മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. രക്ഷാ ദുരിതാശ്വാസ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്.

&&&&&&&&&&&&&&&&&&&

## AMIT SHAH-BRAHMAPUTRA WING (INTRO)

രാജ്യത്തെ ക്രിമിനൽ നീതിന്യായ വ്യവസ്ഥയിൽ ഫോറൻസിക് തെളിവുകൾക്ക് വലിയ പങ്കുണ്ടെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ. ഗുവാഹത്തിയിൽ പുതുതായി നിർമ്മിച്ച രാജ്ഭവൻ ബ്രഹ്മപുത്ര വിഭാഗം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഗോലാഘട്ടിൽ ദേശീയ സൈബർ ഫോറൻസിക് ലബോറട്ടറിയും സായുധ സേനകൾക്കായുള്ള വിവിധ വികസന പദ്ധതികളും അദ്ദേഹം ഉദ്ഘാടനം ചെയ്തു.

(ഹോൾഡ് വോയ്സ്)

&&&&&&&&&&&&&&&&&&&

## MANDAVIYA-SPORTS DAY

ഹോക്കി ഇതിഹാസം മേജർ ധ്യാൻചന്ദിൻറെ സ്മരണയിൽ ദേശീയ കായിക ദിനത്തോടനുബന്ധിച്ച് രാജ്യത്ത് ഇന്നുമുതൽ മൂന്ന് ദിവസത്തെ ഖേൽ മഹോത്സവത്തിന് തുടക്കമായി.

ധ്യാൻചന്ദിൻറെ ജന്മദിനമായ ഇന്ന് മുതൽ മൂന്ന് ദിവസം ഫിറ്റ് ഇന്ത്യ മിഷൻ രാജ്യവ്യാപകമായി പ്രത്യേക പരിപാടി സംഘടിപ്പിക്കും.

"ഒരു മണിക്കൂർ, കളിക്കളത്തിൽ " എന്നതാണ് ഈ വർഷത്തെ പ്രമേയം.

&&&&&&&&&&&&&&&&&&&

## MIB - JWG MEETING

ലൈവ് ഈവൻറ് ആൻഡ് കൺസേർട് ഇക്കോണമി സംബന്ധിച്ച സംയുക്ത പ്രവർത്തകസമിതിയുടെ പ്രഥമ യോഗം ന്യൂഡൽഹിയിൽ ചേർന്നു. വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയം സെക്രട്ടറി സഞ്ജയ് ജാജു അധ്യക്ഷത വഹിച്ചു. അടിസ്ഥാന സൗകര്യ വികസനം, തൊഴിലവസരങ്ങൾ, ടൂറിസം, സംസ്കാരം എന്നിവക്ക് പ്രചോദനമായ രീതിയിൽ വിനോദ സമ്പദ്‌വ്യവസ്ഥ ഉപയോഗപ്പെടുത്തുമെന്ന് അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&&&&

## SENSEX + GOLD

രാജ്യത്തെ ഓഹരിവിപണികളിൽ നഷ്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 270 പോയിൻറ് ഇടിഞ്ഞ് 79,809 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 74 പോയിൻറ് നഷ്ടത്തിൽ 24,426 ലും വ്യാപാരം അവസാനിപ്പിച്ചു. സ്വർണ്ണവില കൂടി. പവന് 520 രൂപ കൂടി 75,760 രൂപയും ഗ്രാമിന് 9,470 രൂപയുമാണ് ഇന്നത്തെ വില.

&&&&&&&&&&&&&&&&&&&

## WOLFF SLAMS TARIFFS

ആഗോളതലത്തിൽ ഒരു സുപ്രധാന സാമ്പത്തിക മാറ്റം സംഭവിച്ചുകൊണ്ടിരിക്കുകയാണെന്ന് പ്രമുഖ യുഎസ് സാമ്പത്തിക വിദഗ്ദ്ധൻ റിച്ചാർഡ് വുൾഫ്. ആഗോള ഉത്പാദനത്തിൽ BRICS രാജ്യങ്ങൾ G7 രാജ്യങ്ങളെ മറികടന്നതായി അദ്ദേഹം ചൂണ്ടിക്കാട്ടി. നിലവിൽ, ആഗോള GDP-യുടെ 35 ശതമാനം BRICS രാജ്യങ്ങൾളുടേതും, 28 ശതമാനം G7 രാജ്യങ്ങളുടേതുമാണ്. യു.എസിൻറെ താരിഫ് വർധന ഫലപ്രദമല്ലാത്ത തന്ത്രമാണെന്നും, ഇത് ഇന്ത്യയെയും മറ്റ് BRICS രാജ്യങ്ങളെയും കൂടുതൽ ഒരുമിപ്പിക്കുമെന്നും വുൾഫ് അഭിപ്രായപ്പെട്ടു.

&&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&